LIBRARY ARCHIVES Kerala Legislative Assembly

അരൂർ നിയോജകമണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം

230 (4862) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ നിയോജകമണ്ഡലത്തിലെ വാക്കയിൽ പി.എസ്.ഫെറി, അഞ്ചുതുരുത്ത് കടപുറം കെൽട്രോൺ ഫെറി-കുമ്പളങ്ങി എന്നിവിടങ്ങളിലെ പാലം നിർമ്മിക്കുന്നതിന് മുന്നോടിയായുള്ള മണ്ണ് പരിശോധന, ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ എസ്റ്റിമേറ്റ് തയ്യാറാക്കൽ ഉൾപ്പെടെയുള്ള നടപടികൾ ഓരോന്നും ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) അപ്രോച്ച് റോഡിന് വേണ്ടിയുള്ള സ്ഥലമെടുപ്പ് ആവശ്യമുള്ളിടത്ത് ആയതിനായുള്ള AS മുൻകൂട്ടി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; സ്ഥലമെടുപ്പ് നടപടികൾക്ക് കേന്ദ്ര നിയമത്തിന് അനുസൃതമായ റൂൾ തയ്യാറാക്കി കഴിഞ്ഞോ; ഇല്ലെങ്കിൽ എന്നത്തേക്ക് ആകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വാക്കയിൽ കടവ്, പി.എസ്, ഫെറി, അഞ്ചുതുരുത്ത്, കടപ്പുറം എന്നിവിടങ്ങളിലെ പാലങ്ങളുടെ മണ്ണ് പരിശോധന പൂർത്തിയാക്കി ഡിസൈൻ തയ്യാറാക്കി വരുന്നു. കെൽട്രോൺ ഫെറി-കുമ്പളങ്ങി പാലത്തിന്റെ മണ്ണ പരിശോധന പൂർത്തിയായി കരട് ഡിസൈൻ തയ്യാറാക്കിയിട്ടുണ്ട്.

(ബി) നിലവിലുള്ള നിയമമനുസരിച്ച് ആവശ്യമായ ഭൂമി ലഭ്യമായാൽ മാത്രമേ ഭരണാനുമതി നൽകുവാൻ കഴിയുകയുള്ളൂ. ഭൂമി ഏറ്റെടുക്കുന്നതിന് കേന്ദ്ര നിയമത്തിന് അനുസൃതമായ നിയമം തയ്യാറാക്കുന്നതിനുള്ള നടപടി റവന്യൂ വകുപ്പ് സ്വീകരിച്ചു വരുന്നു.

ശബരിമല തീർത്ഥാടനത്തിന്റെ ഇടത്താവളമായ വൈക്കത്ത് നടപ്പിലാക്കിയ സൗകര്യങ്ങൾ

231 (4863) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടനത്തിന്റെ ഇടത്താവളമായ വൈക്കത്ത് എന്തെല്ലാം പ്രവർത്തനങ്ങളാണ് വകുപ്പ് തലത്തിൽ നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) തീർത്ഥാടന കാലത്ത് നടത്തുന്ന താത്ക്കാലിക പ്രവർത്തനങ്ങളല്ലാതെ വകുപ്പുതലത്തിൽ സ്ഥിരമായ പ്രയോജനം ലഭിക്കുന്ന ഏതെങ്കിലും പ്രവൃത്തികൾ ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് കഴിഞ്ഞ 3 വർഷത്തിനുള്ളിൽ വൈക്കം ക്ഷേത്രത്തിനു സമീപം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്തെല്ലാം;

(സി) വൈക്കം ക്ഷേത്രവുമായി ബന്ധപ്പെട്ട് തീർത്ഥാടകർ ഉപയോഗിക്കുന്ന പ്രധാന റോഡുകൾ ഏതൊക്കെയെന്നും; ഈ റോഡുകളുടെ നിലവിലെ സ്ഥിതിയെന്തെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) വൈക്കം ക്ഷേത്രവുമായി ബന്ധപ്പെട്ട് ശബരിമല തീർത്ഥാടകർ ഉപയോഗിക്കുന്ന പാതകളിലെ തകർന്ന ഭാഗങ്ങൾ അറ്റകുറ്റപ്പണികൾ നടത്തി സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്.

(ബി) വൈക്കം ക്ഷേത്രത്തിന്റെ സമീപമുള്ള പ്രധാന റോഡുകൾ കഴിഞ്ഞ 3 വർഷക്കാലമായി അറ്റകുറ്റപ്പണികൾ നടത്തി തീർത്ഥാടകർക്ക് സ്ഥിരമായ പ്രയോജനം ലഭിക്കുന്ന വിധത്തിലാക്കിയിട്ടുണ്ട്.

(സി) ഏറ്റുമാനൂർ-എറണാകുളം റോഡ്, വൈക്കം-വെച്ചൂർ റോഡ്, വടക്കേനട റോഡ്, എൽ.പി. റോഡ്, തെക്കേനട റോഡ്, വൈക്കം ടൗൺ ലിങ്ക് റോഡ്, ചേരുംചുവട്-പുളിച്ചുവട് റോഡ്, ചാലപ്പറമ്പ് റോഡ്, വാഴമന- കൊട്ടാരം റോഡ്, മൂത്തേടത്തുകാവ് റോഡ്, വി.ടി. റോഡ് എന്നിവയാണ് വൈക്കം ക്ഷേത്രവുമായി ബന്ധപ്പെട്ട് തീർത്ഥാടകർ ഉപയോഗിക്കുന്ന പ്രധാന റോഡുകൾ. പ്രസ്തുത പാതകൾ അറ്റകുറ്റപ്പണികൾ നടത്തി തീർത്ഥാടകർക്ക് സ്ഥിരമായ പ്രയോജനം ലഭിക്കുന്ന വിധത്തിലാക്കിയിട്ടുണ്ട്.

ചേലക്കര മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണം

232 (4864) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ 2014-15 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി പുനരുദ്ധരിക്കാൻ നടപടി സ്വീകരിച്ചിട്ടുള്ള റോഡുകളുടെ വിശദാംശങ്ങൾ പറയാമോ ;

(ബി) ഓരോ റോഡുകൾക്കും പുനരുദ്ധാരണത്തിന് പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണെന്ന് പറയാമോ ;

LIBRARY ARCHIVES Kerala Legislative Assembly